(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം എക്സൈസ് സബ് ഇൻസ്പെക്ടർ ആഫീസിൽ എത്ര അബ്കാരി കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട് എന്നും എത്ര എണ്ണം കോടതി വഴി റിലീസ് ചെയ്തിട്ടുണ്ട് എന്നും വെളിപ്പെടുത്താമോ;

(സി) ഇത്തരം കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; അവരുടെ പേര് വെളിപ്പെടുത്താമോ;

(ഡി) ഇതിൽ എത്ര പേർ കോടതി മുഖേന ജാമ്യം നേടിയിട്ടുണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ലിറ്റർ വ്യാജ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 143 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് മൂന്ന് സ്കൂട്ടർ, ഒരു മോട്ടാർ ബൈക്ക്, ഒരു ഓട്ടോ റിക്ഷ, ഒരു മിനി ലോറി എന്നീ വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇവയൊന്നും കോടതി വഴി റിലീസ് ചെയ്തിട്ടില്ല.

(സി) 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പേരു വിവരം താഴെ ചേർക്കുന്നു.

1. സുരേന്ദ്രൻ നായർ 2. രാജീവ് 3. മുരളി 4. സുരേന്ദ്രൻ
5. ജിനു 6. അജീഷ് 7. ചന്ദ്രൻ 8. ജമാൽ മുഹമ്മദ്.

(ഡി) 6 പേർ കോടതി മുഖേന ജാമ്യം നേടിയിട്ടുണ്ട്.

(ഇ) കഴക്കൂട്ടം റേഞ്ചിൽ 3274.8 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്.

വ്യാജമദ്യം കഴിച്ച് മരണമടഞ്ഞവർ

73 [356] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ വ്യാജമദ്യം കഴിച്ച് എത്രപേർ മരണമടഞ്ഞിട്ടുണ്ട്; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം മദ്യദുരന്തങ്ങളെക്കുറിച്ചാണ് സർക്കാർ അന്വേഷണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാരിന് ലഭിച്ച അന്വേഷണ റിപ്പോർട്ടുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കുപ്പണയിൽ 7 പേർ മരിച്ചിട്ടുണ്ട്. ആർക്കും അംഗവൈകല്യം സംഭവിച്ചിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ കുപ്പണ മദ്യദുരന്തത്തെ കുറിച്ച് അന്വേഷണം നടത്തി വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജസ്റ്റീസ് മോഹൻ കുമാർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഇ) വയ്ക്കാവുന്നതാണ്.

വ്യാജ മദ്യദുരന്തം സംബന്ധിച്ച കേസുകൾ

74 [357] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യ ഉപയോഗത്തെ തുടർന്ന് മരണപ്പെട്ടവർ എത്ര;

(ബി) വ്യാജമദ്യ ഉപയോഗത്തെ തുടർന്ന് അംഗവൈകല്യം സംഭവിച്ചവർ എത്ര;

(സി) ഇങ്ങനെ മരണപ്പെട്ടവർക്കും അംഗവൈകല്യം സംഭവിച്ചവർക്കും സർക്കാർ ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വ്യാജമദ്യദുരന്തം സംബന്ധിച്ച് സർക്കാർ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) എത്ര കേസുകൾ ചാർജ്ജ് ചെയ്തു; എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസ്സുകൾ വെറുതെവിട്ടു?

LIBRARY ARCHIVES Kerala Legislative Assembly